ശ്രീ. കെ. അവുക്കാദർകുട്ടിനഹാ ഹാജി : അന്വേഷണം നടത്തിയതിന്റെ ഫല മായിട്ടാണ് നടപടികളെടുത്തിട്ടുള്ളത് .

ശ്രീ. കെ. എ. ശിവരാമഭാരതി : ഫിഷറീസ് കോർപ്പറേഷന്റെ പ്രവർത്തന ത്തിൽ ഇപ്പോഴും നഷ്ടമാണുള്ളത്. ആ നഷ്ടം നികത്തുന്നതിനാവശ്യമായ പരി പാടികളെന്തെങ്കിലും ഗവണ്മെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി : കഴിഞ്ഞ കാലങ്ങളിൽ വന്ന നഷ്ട ത്തിന്റെ പ്രായോഗിക വശം മനസ്സിലാക്കി അത് പരിഹരിക്കാനുള്ള പല പദ്ധതി കളും ആവിഷ്കരിച്ചിട്ടുണ്ട്.

ശ്രീ. എ. എസ്. പുരുഷോത്തമൻ : കോർപ്പറേഷന്റെ ഏതെങ്കിലും ട്രോളർ കടം വാടകയ്ക്ക് കൊടുത്തിട്ടുണ്ടോ എന്ത് കൊണ്ടാണ് കോർപ്പറേഷൻ എല്ലാ ട്രോളറുകളും സ്വന്തം നടത്താത്തത്?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി : താനൂരിലുള്ള ഒരു ട്രോളർമാത്രം വാടകയ്ക്ക് കൊടുത്തിട്ടുണ്ട്. അത് വളരെക്കാലമായി നഷ്ടത്തിലായതുകൊണ്ടാണ് വാടകയ്ക്ക് കൊടുത്തത്. ഒരു കൊല്ലത്തേക്കാണ് ഇപ്പോഴം കൊടുത്തിട്ടുള്ളത്.

ട്രാൻസ്പോർട്ടസർവ്വീസിൽ ജോലി

* 87. [259.] ശ്രീ. പി. എസ്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ നിലവിൽവന്നതിനുശേഷം ഇതുവരെ സ്റ്റേറ്റ് ട്രാൻസ് പോർട്ട് സർവ്വീസിൽ എത്രപേർക്ക് പുതുതായി ജോലി നൽകിയിട്ടുണ്ട് ;

(ബി) ഇങ്ങനെ ജോലി ലഭിച്ചവരുടെ ഒരു ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ?

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ) :

(എ) 1-4-1967 മുതൽ 31-7-1969 വരെ 2857 പേർക്ക് ജോലിനൽകിയിട്ടുണ്ട്.

(ബി) ലിസ്റ്റ് ഇതിനോടനുബന്ധിച്ചുണ്ട്.

ശ്രീ. പി. എസ്. ശ്രീനിവാസൻ : ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ എന്നാണ് ചോദ്യം. എനിക്ക് ലിസ്റ്റ് കിട്ടിയിട്ടില്ല.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ലിസ്റ്റ് വായിക്കാം.

ശ്രീ. പി. എസ്. ശ്രീനിവാസൻ : സർ, രണ്ടായിരത്തിൽപരം ആളുകളുടെ ലിസ്റ്റ് വായിക്കാമെന്ന പറഞ്ഞാൽ എങ്ങനെയാണ്? ലിസ്റ്റ് എനിക്ക് കിട്ടി യിട്ടില്ല. അത് കിട്ടാനുള്ള ഏർപ്പാടുണ്ടാക്കണം.

(ഉത്തരം പറഞ്ഞില്ല)

ശ്രീ. പി. എസ്. ശ്രീനിവാസൻ : സർ, രണ്ടായിരത്തിൽപരം ആളുകളെ നിയ മിച്ചു എന്ന പറഞ്ഞു. അതിൽ കുറിക്കൽ വിഭാഗത്തിലും കണ്ടക്ടർ വിഭാഗത്തിലും ഉള്ളത് എത്രയെന്ന പറയാമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ലിസ്റ്റ് ആകെ വായിച്ചാൽ ഓരോ വിഭാഗ ത്തിലുള്ളതും അറിയാം.

LIBRARY ARCHIVES Kerala Legislative Assembly

റിസർവ് ഡ്രൈവേഴ്സ്	915
റിസർവ് കണ്ടക്ടേസ്	1010
ലോവർ ഡിവിഷൻ ക്ലാർക്ക്	458
വർക്ക് സൂപ്രണ്ട്	8
വാച്ചർ	11
ചാർജ്മെൻ	11
ടിക്കറ്റ് എക്സാമിനർ	5
ഡെക്ക്മാൻ	20
ക്ലീനർ	227
പമ്പൺ	1
സ്വീപ്പർ	1
ബ്ലാക്ക് സ്മിത്ത്	100
കോച്ച് ബിൽഡർ	31
പെയിന്റർ	26
അപ്പോയിന്റർ	17
അസിസ്റ്റൻറ് വെൽഡർ	14
ടൃപ്പർ	1
പബ്ലിക് റിലേഷൻസ് ആഫീസർ	1

ശ്രീ പി. എസ്. ശ്രീനിവാസൻ : ദേശസാൽക്കരണം നടപ്പിലാക്കിയ പുതിയ റൂട്ടുകളിൽ സ്വകാര്യ സർവ്വീസിൽ ഉണ്ടായിരുന്ന ആളുകളെ എടുത്തതു് ഈ ലിസ്റ്റിൽ പെടുമോ ? അങ്ങനെ ചില സ്ഥലങ്ങളിൽ എടുത്തതിൽ അർഹരായ പല ആളുകളെയും എടുക്കാതെ പക്ഷപാതപരമായി എടുത്തതായി വല്ല പരാതിയും ഉണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : പ്രൈവറ്റ് ബസ്റൂട്ടുകളും ദേശസാൽക്കരിച്ചതിൽനിന്നു് എടുത്തിട്ടുള്ള ആളുകളുടെ കൂടി ഇതിൽ ഉൾപ്പെടുന്നതാണു്. ബഹുമാനപ്പെട്ട മെംബർ സൂചിപ്പിച്ചതുപോലെ ചില ആളുകളെ എടുക്കാതെ പോയിട്ടുണ്ടെങ്കിൽ അതിനു് ചില സാങ്കേതികകാരണങ്ങളും ഉണ്ടെന്നാണു് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. അവ വീണ്ടും പരിശോധിച്ചു് തിരുത്തേണ്ടതുണ്ടെങ്കിൽ തിരുത്തുന്നതിനു് ആലോചിക്കുന്നതാണു്.

ശ്രീ. പി. എസ്. ശ്രീനിവാസൻ : ഈ കാലായളവിൽ പുതുതായി എത്ര വണ്ടി വാങ്ങിയെന്നു പറയാമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഇപ്പോഴം കൃത്യമായി പറയാൻ പറ്റുകയില്ല. എങ്കിലും എനിക്കുതോന്നുന്നതു് പത്തെഴുപതു വണ്ടി ഈ വർഷത്തിൽ വാങ്ങിയിട്ടുണ്ടെന്നാണു്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : റിസർവ് കണ്ക്ടറായി ആയിരം പേരെ എടുത്തതായി പറഞ്ഞു. ഇതിൽ എത്രപേരെ നിയമിച്ചു കഴിഞ്ഞു ?

ശ്രീ. ഇ. കെ ഇമ്പിച്ചിബാവ : ഒരു ടെയിനംഗ് പീരിയഡ് ഉണ്ടു്. സ്ഥിരം പോസ്റ്റിലേക്കു ആണു് എങ്കിലും ആദ്യം റെമ്പറർയായിട്ടാണു് എടുക്കുന്നതു്. ഇപ്പോഴം കുറെപ്പേർ സ്ഥിരമാക്കാനുണ്ടു്.

ശ്രീ. കെ. കരുണാകരൻ : സ്ഥിരം സർവ്വീസിൽ ഒരു ബസ് ഓടുന്നതിനു് സ്ഥിരം കണ്ടക്ടർമാർ എത്ര, റിസർവ് കണ്ടക്ടർമാർ എത്ര എന്നു ബേസിസിലാണു് ഷെഡ്യൂൾ നിശ്ചയിക്കുന്നതു് ?

ശ്രീ ഇ. കെ. ഇമ്പിച്ചിബാവ : ഒരു ഷെഡ്യൂളിനു് 2.5 പ്രവർത്തകന്മാർ വേണം. അതായതു് ഡ്രൈവർ, കണ്ടക്ടർ തുടങ്ങിയ ആളുകളെ ആ രീതിയിലാണു് എടുക്കുന്നതു്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : അങ്ങനെയാണെങ്കിൽ അടുത്ത ആവസരത്തിൽ 1010 റിസർവ് കൺടക്ടേഴ്സിനെയും 915 റിസർവ് ഡ്രൈവേഴ്സിനെയും എടുത്തിട്ടുള്ളതു് ഈ അനുപാതം വച്ചാണോ അതോ കൂടുതലായിട്ടാണോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചി ബാവ : ഈ അനുപാതം വച്ചാണു്.

ശ്രീ. കെ. എം. മാണി : എടുത്തിട്ടുള്ള 2857 പേരിൽ പരിശീലനമൊക്കെ കഴിഞ്ഞിട്ടുള്ള ആളുകളിൽ എത്രയെങ്കിലും ആളുകൾ ജോലിയില്ലാതെ നിൽപ്പുണ്ടോ? മാസത്തിൽ എത്രദിവസം ഈ ആളുകൾ ജോലിചെയ്യുന്നുണ്ടെന്നു് വ്യക്തമാക്കാമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഇവർക്കു് എല്ലാവർക്കും എല്ലാ ദിവസവും ജോലിയില്ല. സ്ഥിരമായിട്ടുള്ള ആളുകൾക്കു് സ്ഥിരമായി ജോലിയുണ്ടു്. നേരം പറഞ്ഞിയായിട്ടുള്ളവർക്കും ടെയിനിംഗിലുള്ളവർക്കും ആഴ്ചയിൽ ഒരു ദിവസമോ മാസത്തിൽ ഒരു ദിവസമോ ജോലി കിട്ടുന്ന സാധാരണ സംപ്രദായപ്രകാരം ജോലിയുണ്ടു്.

ശ്രീ. എൻ. കെ. ശേഷൻ : കെ. എസ്. ആർ. ടി. സിയിലെ നിയമനങ്ങളെല്ലാം പബ്ലിക് സർവ്വീസു് കമ്മീഷനു് വിട്ടുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നു പറഞ്ഞിട്ടുണ്ടു്. അതു് എന്നു നടപ്പിലാകുമെന്നു് പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചി ബാവ : സർ, ഇതിനു് ഒന്നിലധികം തവണ മറുപടി പറഞ്ഞിട്ടുള്ളതാണു്. ഈ സെഷനിൽതന്നെ മറുപടി പറഞ്ഞിട്ടുണ്ടെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. എങ്കിലും ഒന്നുകൂടി പറയാം. പബ്ലിക് സർവ്വീസു് കമ്മീഷനോ അല്ലെങ്കിൽ അതുപോലെയുള്ള സ്ഥാപനങ്ങളോ ട്രാൻസ്പോർട്ട് കോർപ്പറേഷനും അതുപോലെ കേരളത്തിലെ പബ്ലിക് സെക്ടറിലുള്ള സ്ഥാപനങ്ങളും ഒന്നായി നടത്തുന്നതിനു് വേണ്ടി ഗവണ്മെന്റു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്. അതിന്റെ മറ്റു ഡാറ്റകളും എല്ലാം കളക്ടു് ചെയ്തു് മന്ത്രിസഭതന്നെ ഒരു തീരുമാനമെടുക്കുമെന്നാണു് എനിക്കു പറയാനുള്ളതു്.

ശ്രീ. എ. വി. ആര്യൻ : ഇപ്പോഴും ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ജോലിയുള്ള ആളുകളിൽ എത്ര ആളുകൾ ഡെയിലി വേജസിലുണ്ടു് ? 240 ദിവസം കഴിഞ്ഞാൽ സ്ഥിരപ്പെടുത്തുമെന്നുള്ള പ്രഖ്യാപനം കഴിഞ്ഞശേഷം എത്ര ആളുകളെ സ്ഥിരപ്പെടുത്താതെയുണ്ടു്, അതിനുള്ള കാലതാമസം എന്താണു് ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഇങ്ങനെ ചോദിച്ചാൽ പെട്ടെന്നു മറുപടി പറയാനൊക്കുകയില്ല. എങ്കിലും അതിനെ സംബന്ധിച്ചുള്ള നയം പറയാം. 240 ദിവസം തികഞ്ഞു വരുമ്പോൾ സ്വാഭാവികമായി റഗുലറൈസ് ചെയ്യുന്ന സംപ്രദായമുണ്ടു്. അപ്രകാരം നടന്നു കൊണ്ടിരിക്കുകയാണു്. 240 ദിവസം തികഞ്ഞവരെ ഇന്നു് എടുക്കുകയും നാളെ തികയുന്ന ആളുകളെ നാളെ എടുക്കുകയും ചെയ്യുന്ന രീതിയിലുള്ള പ്രോസസ് ആണുള്ളതു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : സർ, ദേശസാൽക്കരിക്കപ്പെട്ട റൂട്ടുകളിലെ ജീവനക്കാരെ എടുക്കുന്നുണ്ടെന്നു പറഞ്ഞു. കായകളും റൂട്ടു് ദേശസാൽക്കരിച്ചു് മാസങ്ങളേറെയായിട്ടും ഇന്നുവരെയും അതിൽ ഒരൊറ്റത്തൊഴിലാളിയെയും എടുത്തിട്ടില്ലെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഇന്നലെ മുതൽ അവർ ഒരു പ്രത്യക്ഷസമര പരിപാടിയിൽ ഏർപ്പെട്ടിരിക്കുകയാണു് എന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അതിനുള്ള നടപടികളും സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. ആ കാര്യത്തെ സംബന്ധിച്ചിടത്തോളം ഹൈക്കോർട്ടിൽ ഒരു കേസു് നിലവിലുണ്ടു്. വിധിയുണ്ടായാൽ അതിനനുയോജ്യമായ രീതിയിൽ താമസിക്കാതെ നടപടികളെടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട് : ദേശസാൽക്കരണത്തെത്തുടർന്ന് സ്വകാര്യമേഖലയിലുള്ള ആംക്കാരെ പൊതു മേഖലയിലേക്ക് എടുക്കുന്നതിന് വല്ലതെങ്കിലും തത്വം ഉണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഇതിനുമുൻപും ഈ വസ്തുത ഇവിടെ പ്രസ്താവിച്ചിട്ടുള്ളതാണ്. ഇന്നതന്നെ അതിനെസംബന്ധിച്ച് മറെറാരു ചോദ്യവും വരുന്നുണ്ട്. ആ ചോദ്യം വരുമ്പോഴും അതിനെപ്പററി സംസാരിക്കാം.

ശ്രീ. കെ. ജി. നീലകണ്ഠൻനമ്പൂതിരിപ്പാട് : ദേശസാൽക്കരണത്തെത്തുടർന്ന് ഓപ്രേവറ് സർവ്വീസിലുണ്ടായിരുന്ന ചില ജീവനക്കാർ അവരെ നിയമിക്കുന്നതിനു വേണ്ടി അപേക്ഷകളയച്ചപ്പോഴും ഇതിന് ചില പ്രത്യേക പൊതുതത്വങ്ങൾ സ്വീകരിച്ചിട്ടുള്ളതുകൊണ്ട് അതു സാധ്യമല്ലെന്നു കാണിച്ചുകൊണ്ട് ഒഴുക്കൻ മട്ടിലുള്ള മറുപടിയാണ് കിട്ടിയതു്. അതിന്റെ അർത്ഥമെന്താണ് ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഒരു പ്രത്യേക സംഗതിയെസംബന്ധിച്ചാണെങ്കിൽ ബഹു. മെമ്പർക്ക് അതു മനസ്സിലാക്കാൻ വേണ്ടി എഴുതി അറിയിക്കുകയോ അല്ലെങ്കിൽനേരിട്ടന്വേഷിക്കുകയോ ചെയ്യാം ; അതു് മനസ്സിലാക്കിത്തരികയും ചെയ്യാം.

ശ്രീ. കെ. കരുണാകരൻ : റിസവ്വ് സ്റ്റാഫിനെ സംബന്ധിച്ചിടത്തോളം ആഴ്ചയിൽ ഒരു ദിവസവും മറുമാണ് ജോലി കിട്ടുന്നതെന്നു് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ആഴ്ചയിൽ ഒരു ദിവസത്തെ ജോലിക്കുവേണ്ടി ഇത്രയധികം ആളുകളെ എടുത്തു തൊഴിലില്ലാതാക്കുന്നതിനു പകരം ആവശ്യമുള്ള സ്റ്റാഫിനെ നിയമിക്കുകയും മറുള്ളവരെ ഒഴിവാക്കുകയും ചെയ്യാൻ ദയവുണ്ടാകുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : അടുത്ത ഭാവിയിൽ അതായതു് ഒന്നോ രണ്ടോ മാസത്തിനകം പത്തോ ഇരുപതോ ബസ്സുകൂടി ഇടാൻ സാദ്ധ്യതയുണ്ട്. അതു കണ്ടുകൊണ്ടാണ് റിസവ്വ് കണ്ടക്ടേഴ്സിനെ എടുക്കുന്നതു്. അതു പ്രയോഗത്തിൽവരുമ്പോഴേ സ്ഥിരപ്പെടുത്താവുന്ന രീതിയിലാണ് റിസവ്വ് കണ്ടക്ടേഴ്സിനെ എടുക്കുന്നതു്.

ശ്രീ. ഇ. ജോൺ ജേക്കബ്ബ് : ചങ്ങനാശ്ശേരി മെമ്പർക്ക് കൊടുത്ത മറുപടിയിൽ ബഹുമാനപ്പെട്ട മന്ത്രിയെ വന്നു കണ്ടാൽ മറുപടി പറയാമെന്നു് ആയിരുന്നു. ഞങ്ങൾക്കെല്ലാവർക്കും അതു് എന്താണെന്നറിയുവാൻ ആഗ്രഹം ഉണ്ട്. ഏതടിസ്ഥാനത്തിലാണ് നിയമിക്കുന്നതു് ? ആ തത്വം എന്താണെന്നു് ഈ സഭയിൽവച്ചു് പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : പ്രൈവറു ബസ്സിൽ പ്രവൃത്തിയെടുക്കുന്ന ആളുകളും ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ ആളുകളെപ്പോലെ പരീക്ഷായോഗ്യതയുള്ളവരാണെങ്കിൽ ഒരു ഷെഡ്യൂളിൽ ഇത്ര കണ്ടക്ടർ, ഇത്ര ഡ്രൈവർ, ക്ലീനർ ഇത്ര എന്നു നിശ്ചയമുണ്ട്, ആ നിശ്ചയത്തിന്റെ അനുപാതമനുസരിച്ച് അവരെ എടുക്കുന്നതാണു്. അതിൽ കൂടുതലായിട്ട് ചില മാനേജ്മെന്റുകളിൽ ജോലി ചെയ്യുന്നവരെ എടുക്കണമെന്നു വച്ചാൽ അതു പ്രയാസമാണു്. കപാളിഫൈഡ് അല്ലാത്ത ആളുകളാണു് മിക്കവാറും പ്രൈവറു് ബസ്സിൽ ഉള്ളതു്. ഒന്നുകിൽ പഠിച്ചിട്ടില്ലാത്തവരായിരിക്കും, അല്ലെങ്കിൽ മറെറന്തെങ്കിലും ആവശ്യമുള്ള കപാളിഫിക്കേഷൻ ഇല്ലാത്തവരായിരിക്കും ; അങ്ങനെയുള്ള ആളുകളെ വേറെ ജോലിക്കു വയ്ക്കും. പ്രത്യേകം പ്രത്യേകം കേസുകളും എടുത്തുപറഞ്ഞാൽ അതിൽ ഉള്ള ഡിഫക്ട് എന്താണെന്നു് വ്യക്തമാക്കാൻ കഴിയും.

ശ്രീ. എം. കൃഷ്ണൻ : രണ്ടായിരത്തിൽ ചിലപ്പോൾ നാം ആളുകളെ ഇപ്പോൾ ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിയമിച്ചുകഴിഞ്ഞു, ഇത്രയും ആളുകൾക്കു് സ്ഥിരമായ ജോലി കൊടുക്കുവാൻ കഴിയുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഇപ്പോഴത്തെ എടുത്തിട്ടുള്ള കണ്ടക്ടർമാർക്ക് രണ്ടു മൂന്നു മാസത്തിനകം സ്ഥിരമായ ജോലി കൊടുക്കുവാൻ കഴിയുമെന്നാണ് മനസ്സിലാക്കുന്നത്.

ശ്രീ. എം. എം. തോമസ് : കോട്ടയം എറണാകുളം റോഡ് ദേശസാൽക്കരിച്ചപ്പോൾ എസ്. എം. എസ്. മോട്ടോർ സർവ്വീസിൽ ഉള്ള ജോലിക്കാരിൽ ഒരു യൂണിയനു മാത്രം ടാൻ സ്റ്റാർട്ട കോർപ്പറേഷനിൽ നിയമനം കൊടുത്തുവെന്നുള്ള വല്ല പരാതിയും കിട്ടിയിട്ടുണ്ടോ ? കിട്ടിയിട്ടുണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : പ്രത്യേകം ചോദിച്ചാൽ പറയാം.

ശ്രീ. എം. മൊയ്തീൻകുട്ടി ഹാജി : 2000 ത്തിൽ ചിലപ്പോൾ പേരെ ഇപ്പോൾ നിയമിച്ചു. അടുത്ത കാലത്തു് കൂടുതൽ ആളുകളെ എടുക്കാൻ ഉദ്ദേശമുണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഉണ്ട്.

ശ്രീ. കെ. എ. ശിവരാമഭാരതി : എറണാകുളം തൃശ്ശൂർ റോഡ് ഇക്കഴിഞ്ഞ ഒന്നാം തീയതി ദേശസാൽക്കരിക്കുമെന്നു പറഞ്ഞിട്ട് അവസാനനിമിഷത്തിൽ അതു വേണ്ടെന്നുവച്ചു, പ്രൈവറ്റുടമകൾക്ക് അനുവാദം കൊടുത്തതു് കണ്ടക്ടറുടെയും ഡ്രൈവറുടെയും ദൗർലഭ്യം കൊണ്ടാണോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഈ ഒന്നാം തീയതി ആ റോഡ് ദേശസാൽക്കരിക്കുന്നുണ്ടെന്നു പുതുതായി ആരും പറഞ്ഞിട്ടില്ല. മുമ്പു ദേശസാൽക്കരിച്ചിട്ടുള്ള ബസ്സുകൾക്കു പുറമെ കുറെ ബസ്സുകൾകൂടി എടുക്കാമെന്നുള്ള തീരുമാനമുണ്ടായിരുന്നു. അതു നടന്നുകൊണ്ടിരിക്കുകയാണു്. കണ്ടക്ടേഴ്സിന്റെയും ഡ്രൈവേഴ്സിന്റെയും അഭാവംകൊണ്ടു് ഒരു പദ്ധതിയും മാറ്റി വച്ചിട്ടില്ല.

ശ്രീ. പി. ഗംഗാധരൻ : രണ്ടായിരത്തിലധികം ആളുകളെ 1967-നു് ശേഷം നിയമിച്ചുവെന്നു് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഈ നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടില്ലെന്നുള്ള ശക്തിയായ ആക്ഷേപം ഉണ്ടായെന്നു പരിശോധിച്ചിട്ടുണ്ടോ ? ഇനിയുള്ള നിയമനങ്ങളിൽ എങ്കിലും സംവരണം ശരിക്കും പാലിക്കാൻ വേണ്ട നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : സർ, അതു പരിശോധിച്ചിട്ടു് സംവരണതത്വം ഏറെക്കുറെ പാലിച്ചിട്ടുണ്ടെന്നാണു് കാണുന്നതു്. ആ രീതിയിൽ നോക്കുമ്പോൾ അല്പസ്വല്പം വ്യത്യാസം ഉള്ളതായിട്ടു് കാണാൻ കഴിഞ്ഞിട്ടുണ്ടു്. ശക്തിയായ നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : അസംബ്ലിയിൽ ചോദിച്ചതിനു് ഉത്തരമായിട്ടു്, നേരത്തെ നിയമിച്ചു കഴിഞ്ഞതിൽ മൂന്നു ശതമാനമാണു് സംവരണം പാലിച്ചിട്ടുള്ളതു് എന്നു പറഞ്ഞു. ബാക്കിയുള്ളതുംകൂടി ഇനിയുള്ള നിയമനങ്ങളിൽ കൗണ്ടു ചെയ്യാൻ നിർദ്ദേശിക്കുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഇതിനു മുമ്പു നടന്നിട്ടുള്ള നിയമനങ്ങളും കോമ്പൻസേറു ചെയ്യാൻ കഴിയുമോ എന്നറിഞ്ഞുകൂടാ. ഇനിയുള്ള റിക്രൂട്ടുമെന്റിൽ ഏറെക്കുറെ ഇതു പാലിക്കുന്നതാണു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഏറെക്കുറെ റിസർവേഷൻ ഏർപ്പെടുത്താമെന്നു പറയുന്നതു എന്താണു് ? പി. എസ്. സി. ചെയ്യുന്നതുപോലെ പൂർണ്ണമായും റിസർവേഷൻ ഏർപ്പെടുത്താത്തതു് എന്തുകൊണ്ടാണു് ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: പൂർണ്ണമായും സംവരണം പാലിക്കാൻ കഴിഞ്ഞിട്ടില്ല. കഴിയുന്നതും സംവരണം പാലിക്കാൻ ശ്രമിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ ജോർജ്ജ് തോമസ് : രണ്ടായിരത്തിലധികം ആളുകളെ നിയമിച്ച പ്പോൾ ന്യായമായ പ്രാദേശികപ്രാതിനിദ്ധ്യം നൽകുന്ന കാര്യത്തിൽ ഗവണ്മെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : അതു കഴിക്കുവാനും നിഷ്കർഷിച്ചിട്ടുണ്ട്.

ഡാക്ടർ ജോർജ്ജ് തോമസ് : ന്യായമായും ശരിയായും പ്രാദേശികപ്രാതി നിദ്ധ്യം കൊടുക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നാണ് അറിയേണ്ടത്.

ശ്രീ ഇ. കെ. ഇമ്പിച്ചിബാവ : ന്യായമായും ശരിയായും നടന്നിട്ടുണ്ടെന്നാണ് തോന്നുന്നത്.

ശ്രീ കെ. കരുണാകരൻ : രണ്ടായിരത്തിൽപരം ആളുകളെ റിക്രൂട്ടുചെയ്ത അവസരത്തിൽ പിന്നോക്കസമുദായക്കാർക്ക് സംവരണവും പ്രാദേശികപ്രാതിനിദ്ധ്യവും നൽകിയിട്ടുണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : അതിൽ വന്നിട്ടുള്ള കുറവ് നികത്തുന്നതിനായിട്ട് ഇപ്പോൾ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇനി ഈ കാര്യത്തെക്കുറിച്ച് ശ്രദ്ധിക്കുന്നതാണ്.

ശ്രീ. ഒ. കോരൻ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉത്തരത്തിൽ, ഇതുവരെ നടന്ന നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടില്ലെന്നു ആണ്. ഇനി വരാൻ പോകുന്ന നിയമനത്തിൽ ഈ തത്വം കർശനമായി പാലിക്കാൻ നിർദ്ദേശം നൽകുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : തീർച്ചയായും കൊടുക്കാം. അല്പസ്വല്പം കൂടുതലായും ആ വിഭാഗത്തിന് കൊടുക്കാൻ ശ്രമിക്കാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : കഴിഞ്ഞ സെഷനിൽ 240 ദിവസം പൂർത്തിയായ കണ്ടക്ടർമാരെ സ്ഥിരപ്പെടുത്താത്തത് വേക്കൻസി ഇല്ലാത്തതുകൊണ്ടാണെന്നു പറഞ്ഞിട്ടുണ്ട്. അതു കഴിഞ്ഞു 70 വണ്ടികളും പുതുതായി വന്നുവെങ്കിലും ഇവരെ സ്ഥിരപ്പെടുത്താൻ സാധിക്കാത്ത പരിതഃസ്ഥിതിയിൽ രണ്ടായിരം പേരെ കൂടി നിയമിച്ചതിൽ പ്രത്യേക വല്ല ഉദ്ദേശവുമുണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : 240 ദിവസം തികഞ്ഞിട്ടുള്ള എല്ലാവരേയും റഗുലറൈസ് ചെയ്തിട്ടുണ്ട്. ഏതു വ്യക്തിയെപ്പറ്റിയാണ് പരാതി ഉള്ളതെന്നു ആണ് അറിയേണ്ടത്?

ശ്രീ. സി. കെ. ബാലകൃഷ്ണൻ : 2857 നിയമനങ്ങൾ നടന്നതിനെ സംബന്ധിച്ച് പറയുമ്പോൾ ശരിയായിട്ടുള്ള സംവരണവും മറും പാലിച്ചിട്ടില്ലെന്നറിഞ്ഞുകൊണ്ടുതന്നെ എത്രപേർക്ക് സംവരണാനുകൂല്യപ്രകാരം നിയമനം ലഭിച്ചുവെന്നു വ്യക്തമായി പറയാൻ ഭയപ്പെടുമോ?

ശ്രീ ഇ. കെ. ഇമ്പിച്ചിബാവ : കണക്ക് എന്റെ കൈവശം ഇല്ല.

ശ്രീ സി. കെ. ബാലകൃഷ്ണൻ : പൊതുമേഖലയിൽ നടത്തുന്ന നിയമനങ്ങളിൽ സംവരണം പാലിക്കുന്നതാണെന്നു കഴിഞ്ഞ നിയമസഭയിൽ പറഞ്ഞിട്ടുള്ളതായിരുന്നു. അതിനുശേഷം നടന്ന ട്രാൻസ്പോർട്ട് കോർപ്പറേഷൻ നിയമനത്തിൽ സംവരണം പാലിക്കാതിരുന്നതിനു വല്ല കാരണവും ഉണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : അതിൽ കുറച്ചു പോരായ്മ വന്നിട്ടുണ്ട്, അതു നികത്തുന്നതാണ്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : പോരായ്മ ഉണ്ടെന്നു മനസ്സിലായാൽ അതു പരിഹരിക്കുന്നതിനു എന്തെങ്കിലും നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അതിനു് നേരത്തെ ഉത്തരം പറഞ്ഞിട്ടുണ്ടു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : മന്ത്രി അഷ്വറൻസു് നൽകിയതാണു്. നിയമസഭയിൽ തന്ന അഷ്വറൻസു് എന്തുകൊണ്ടു് ലംഘിച്ചുവെന്നുള്ളതാണു് ചോദ്യം ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : അതിന്റെ കാര്യമാണു് പറഞ്ഞതു്.

ശ്രീ. പി. കെ. രാഘവൻ : കഴിഞ്ഞ ഒരുവർഷത്തിൽ, മൂന്നുശതമാനം മാത്രമേ നൽകിയിട്ടുള്ളുവെന്നു സമ്മതിക്കുകയും അതു് തുടർന്നുള്ള നിയമനങ്ങളിൽ പരിഹരിക്കാമെന്നു് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ടു്. അതിനുശേഷമുണ്ടായിട്ടുള്ള നിയമനങ്ങളിൽ 3 ശതമാനംപോലും നിയമനം നൽകിയിട്ടില്ല. അതുകൊണ്ടു് ഇനിയുള്ള നിയമനങ്ങളിൽ അതു പരിഹരിക്കാമെന്നു് ഉറപ്പിച്ചുപറയാൻ സാധിക്കുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഉറപ്പിച്ചുപറയാൻ സാധിക്കും. അതനുസരിച്ചു് കൃത്യമായി നടപടിയെടുക്കുകയും ചെയ്യാം.

ശ്രീ. എ. വി. ആര്യൻ : ഞാൻ ചോദിച്ച ചോദ്യത്തിനല്ല മറുപടി പറഞ്ഞതു്. 240 ദിവസം കഴിഞ്ഞവരെയെല്ലാം റഗുലറൈസു് ചെയ്യുമെന്ന സ്റ്റാൻസ്റ്റോർട്ടഭാഷയിൽ പറഞ്ഞെങ്കിലും അവരെ ദിവസക്കൂലിക്കാരായിട്ടാണു് കണക്കാക്കിയിരിക്കുന്നതു്. റഗുലറൈസു് ചെയ്യുമെന്ന ഓമനപ്പേരു പറയാതെ അവരെക്കൊണ്ടു് ഈ വേക്കൻസികളും ഫില്ലപ്പുചെയ്യാൻ എന്താണു് തടസ്സം ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : 240 ദിവസം കഴിഞ്ഞവരെ എല്ലാം റഗുലറൈസു് ചെയ്തുകഴിഞ്ഞിട്ടുണ്ടു്. സ്റ്റാൻസ്റ്റോർട്ടഭാഷയിൽ അല്ലാതെ വേറെ ഒരു ഭാഷയിലും പറയാൻ വയ്യ. സ്റ്റാൻസ്റ്റോർട്ടകാര്യമായതുകൊണ്ടു് അതിനെ സംബന്ധിക്കുന്ന ഭാഷതന്നെ ഉപയോഗിക്കണം. ഏതെങ്കിലും ആളെ റഗുലറൈസു ചെയ്തിട്ടില്ലെന്നുണ്ടെങ്കിൽ അതു ചൂണ്ടിക്കാണിച്ചാൽ നടപടിയെടുക്കാം.

ശ്രീ. എ. വി. ആര്യൻ: റഗുലറൈസുചെയ്യുന്നതു സംബന്ധിച്ചല്ല. ഡെയിലി വേജസ്സായിട്ടുള്ളവരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ചാണു് ചോദിച്ചതു്?

മി. സ്പീക്കർ : ആർഡർ ആർഡർ. ചോദ്യവും മറുപടിയും കേട്ടതാണു്. മറുപടി പറയേണ്ടുള്ളതു പറഞ്ഞുകഴിഞ്ഞു.

ശ്രീ. ബേബിജോൺ : സാങ്കേതികമായ വൈദഗ്ദ്ധ്യം ആവശ്യമുള്ള തൊഴിലാളികളെ നിയമിക്കുമ്പോൾ, വൈദഗ്ദ്ധ്യമുള്ളവരെ കിട്ടാത്തതുമൂലം സംവരണ വ്യവസ്ഥകൾ നിഷ്കൃഷ്ടമായി പാലിക്കാൻ കഴിയുന്നില്ലെന്നുള്ളതു ഗവണ്മെന്റിനു ബോദ്ധ്യമായിട്ടുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : അതു ബോദ്ധ്യമായതുകൊണ്ടാണു് 'ഏറെക്കുറെ' എന്നു പറഞ്ഞതു്.

ശ്രീ. ടി. എ. മജീദു് : 240 ദിവസം കഴിഞ്ഞവരെ സ്ഥിരപ്പെടുത്താഞ്ഞതു് എന്താണു്?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : മനസ്സിലാകുന്ന ഭാഷയിൽ പറയാം. റിക്രൂട്ടചെയ്യുന്നസമയത്തു് സ്ഥിരം പോസ്റ്റിലേക്കു് അല്ലാതെയാണു് റിക്രൂട്ടചെയ്യുന്നതു്. സ്ഥിരം പോസ്റ്റു വരുന്നതുവരെയുള്ള കാലത്തേക്കു് അങ്ങനെ റിക്രൂട്ടചെയ്യുന്ന സംപ്രദായം ഉണ്ടു്. സ്ഥിരം പോസ്റ്റു് പിന്നീടാണു് ഉണ്ടാകുക.

ശ്രീ. ടി. എ. മജീദു് : താൽക്കാലിക പോസ്റ്റിൽ ഇവരെ നിറുത്തുന്നതു് എത്ര വർഷം നീണ്ടുനിൽക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : വർഷക്കണക്കിനൊന്നും നീണ്ടുനിൽക്കുകയില്ല.

ശ്രീ. എ. വി. ആര്യൻ : സർ ഒരു സബ്മിഷൻ : 240 ദിവസം കഴിഞ്ഞവരെയെല്ലാം റഗുലറൈസു ചെയ്യുവെന്നു മന്ത്രി പറഞ്ഞെങ്കിലും സ്ഥിരം വേക്കൻസി വന്നപ്പോൾ.....

മി. സ്പീക്കർ : ആർഡർ ആർഡർ. ചോദ്യം ചോദിച്ചു കഴിഞ്ഞതാണു്, ഉത്തരവും പറഞ്ഞുകഴിഞ്ഞു. ഇനി ഉത്തരം കിട്ടണമെന്നു പ്രതീക്ഷിച്ചുകൊണ്ടു ചോദ്യം ചോദിക്കുകയും ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നു് അതേ ഉത്തരം കിട്ടാതിരിക്കുമ്പോൾ അതിനുവേണ്ടി വീണ്ടും ചോദിക്കുകയുംചെയ്യുന്നതുകൊണ്ടു പ്രയോജനമില്ല.

ശ്രീ. ജി. ഗോപിനാഥൻ പിള്ള : 2 : 5 എന്ന അനുപാതമനുസരിച്ചാണു് നിയമനമെന്നു പറയുകയുണ്ടായി. ഇതു് ബസ്സുകളുടെ കണക്കാണോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഷെഡ്യൂൾ കണക്കാണു് പറഞ്ഞതു്.

ശ്രീ. ആർ. എസ്. ഉണ്ണി : 2800-ൽ ചിലവാനംപേരെ നിയമിച്ചതിൽ ബഹുഭൂരിപക്ഷം പേരും പകരക്കാരായോ താൽക്കാലിക ജോലിക്കാരായോ ജോലിചെയ്യുകയാണെന്നു പറയുകയുണ്ടായി. അടുത്ത ഏതാനും മാസത്തിനകം 20 ബസ്സുകൂടി പുതിയതായി ഓടിക്കുന്നതാണെന്നും പറഞ്ഞു. ഇനിയും പുതിയ ആളുകളെ നിയമിക്കാനുദ്ദേശിക്കുന്നുണ്ടോ? എത്രയാളുകളെയാണു് നിയമിക്കാൻ ഉദ്ദേശിക്കുന്നതു്? ഉള്ളയാളുകൾക്കു് റഗുലറായി ജോലികൊടുക്കാൻ നിർവാഹമില്ലാത്ത സാഹചര്യത്തിൽ പുതിയ ആളുകളെ നിയമിക്കുന്നതു ശരിയാണോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : വീണ്ടും ആളുകളെ ആവശ്യം ഉണ്ടെന്നു കണ്ടുകൊണ്ടു് താൽക്കാലികമായി റിക്രൂട്ടുചെയ്യുന്ന ഏർപ്പാടു് ഉണ്ടു്. നോട്ടീസുകൊടുക്കുക, പെറ്റീഷൻ സ്വീകരിക്കുക, പരീക്ഷ നടത്തുക മുതലായ നടപടികൾക്കായി അഞ്ചാറുമാസം പിടിക്കും. അപ്പോഴേക്കും ആവശ്യമുണ്ടാകും. അതിനിടയ്ക്കു് വീണ്ടും എടുക്കാനുള്ളവരുടെ ലിസ്റ്റ് തയ്യാറാകും. ഇന്നത്തെ കണക്കുമാത്രം നോക്കി, ഇപ്പോൾ ആവശ്യമില്ലെന്നു പറഞ്ഞുകൊണ്ടിരിക്കുന്നതു് ദീർഘദൃഷ്ടിയോടുകൂടിയ പ്രവൃത്തിയായിരിക്കയില്ല.

ശ്രീ. എം. കെ. ജോജ്ജ് : ഗേസസാൽകരിച്ച പ്രൈവറ്റ് റൂട്ടുകളിലുള്ള പ്രൈവറ്റ് ബസ് ജോലിക്കാർക്കു് കാർപ്പറേഷനിൽ ജോലികൊടുക്കുമ്പോൾ, ബസ്സുമായി യാതൊരു ബന്ധവുമില്ലാത്തയാളുകൾക്കു് മാനേജുമെൻറുകാർ സർട്ടിഫിക്കറുകൊടുക്കുന്ന സംപ്രദായം മൂലം അവർക്കു ജോലികിട്ടുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെയുള്ളപ്പോൾ രജിസ്റ്ററുകൾ പരിശോധിച്ചു് യഥാർത്ഥ തൊഴിലാളികൾക്കു ജോലി നൽകാൻ തയ്യാറാകുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്, ഇപ്പോൾ രേഖകളെല്ലാം പരിശോധിച്ചു് എടുത്തുകൊണ്ടിരിക്കുകയാണു്.

ശ്രീ ബി. മാധവൻനായർ: ബ്ലാക്കു്സ്മിത്തു് മെക്കാനിക്കു് മുതലായ സാങ്കേതിക പോസ്റ്റുകളിലേക്കു് നിയമനം നടത്തുമ്പോൾ ഐ. ടി. ഐ സർട്ടിഫിക്കറു ഹോൾഡർമാരുടെ അപേക്ഷകൾ തള്ളിക്കളയുകയും വെറും അഡ്രസ്സുമാത്രമുള്ള സ്ഥാപനങ്ങളുടെ സർട്ടിഫിക്കറുകൾ പരിഗണിക്കുകയും ചെയ്യുവരുന്നതായി പരാതിയുണ്ടു്. മേലിലെങ്കിലും ഐ. ടി. ഐ. സർട്ടിഫിക്കറു ഹോൾഡർമാർക്കു് മുൻഗണന കൊടുക്കുമോ?

ശ്രീ ഇ. കെ. ഇമ്പിച്ചിബാവ: ഐ. ടി. ഐ. സർട്ടിഫിക്കറുള്ളവരെ മാത്രമല്ല വർക്കുഷോപ്പുകളിൽ പോയി പരിചയിച്ചിട്ടുള്ളവരെയും എടുക്കുമെന്നാണു് വച്ചിട്ട

ള്ളതു്. രണ്ടും ചേത്താണു് എടുക്കുക. സാങ്കേതികമായ ടെസ്റ്റു് നടത്തിയാണു് തിരഞ്ഞെടുക്കുന്നതും. അങ്ങനെവരുമ്പോൾ പരിചയക്കുറവുള്ളവരെ എടുക്കാനിടയില്ല. പിന്നെ, ഇപ്പോഴത്തെ പരീക്ഷകൾക്കു ചിലർ കാണിക്കുന്ന തരം സൂത്രപ്പണികളും വല്ലതും നടത്തിയിട്ടുണ്ടോ എന്നറിയില്ല.

ശ്രീ. എം. രാമുണ്ണി: ട്രാൻസ്പോർട്ടു കോർപ്പറേഷൻ സാധാരണക്കാരായ അപേക്ഷകരിൽനിന്നു് ഈടാക്കുന്ന ഫീസു് വളരെ കൂടുതലാണെന്ന പരാതിയെ അടിസ്ഥാനമാക്കി ഫീസു കുറവുചെയ്യുന്നകാര്യം ആലോചിക്കുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അങ്ങനെ പരാതിയൊന്നുമില്ല. അച്ചടിച്ച അപേക്ഷാഫാറങ്ങൾ തീർന്നതായിട്ടാണു മനസ്സിലാക്കാൻകഴിഞ്ഞതു്.

ഡാക്ടർ ജോർജ്ജു തോമസ്: രണ്ടായിരത്തിലധികം പുതിയ നിയമനങ്ങൾ നടത്തിയിട്ടുള്ളതിൽ, ട്രാൻസ്പോർട്ടു സ്ട്രൈക്കു കാലത്തു നിയമിക്കപ്പെട്ടവർ എത്രയാണെന്നു പറയാമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: നോട്ടീസു വേണം.

ശ്രീ. വി. കൃഷ്ണൻനായർ: റൂട്ടുകൾ ദേശസാൽക്കരിക്കുമ്പോൾ, ആ റൂട്ടുകളിൽ ഓടിക്കൊണ്ടിരിക്കുന്ന സ്വകാര്യബസ്സുകൾ നിറുത്തൽ ചെയ്യാൻ നിർബന്ധിതമാകാറുണ്ടു്. അത്തരം ബസ്സുകളിൽ ജോലിചെയ്യുന്ന ധാരാളം തൊഴിലാളികളുടെ കാര്യം അവതാളത്തിലാകുന്നതായി പരാതി കിട്ടിയിട്ടുണ്ടോ? ഈ കാര്യത്തിൽ ഗവണ്മെന്റു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഈ ചോദ്യത്തിന്റെ പരിധിയിൽ വരുന്നതല്ല. അങ്ങനെ ജോലിയില്ലാതാകുന്നവർക്കു ട്രാൻസ്പോർട്ടു കോർപ്പറേഷനിൽ ജോലി കൊടുക്കണമെന്നുകാണിച്ചു് അവരുടെ മെമ്മോറാണ്ടം കിട്ടിയിട്ടുണ്ടു്. ഓപ്പൺ റിക്രൂട്ടുമെന്റു രീതിയിൽ നടത്താൻ നിശ്ചയിച്ചിരിക്കുകയാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സാങ്കേതികവൈദഗ്ദ്ധ്യമുള്ള ഡ്രൈവർമാർ, കൺഡക്ടർമാർ എന്നീ ജോലികൾക്കു ആവശ്യമുള്ളതു അപേക്ഷകർ, സംവരണതത്വം പാലിക്കാൻകഴിയുന്നവിധത്തിൽ ഉണ്ടായിരുന്നില്ലെന്നു പറഞ്ഞു. കഴിഞ്ഞ നിയമനകാലത്തു വൈദഗ്ദ്ധ്യമുള്ള ഡ്രൈവർമാരും, കൺഡക്ടർമാരും അപേക്ഷിച്ചിട്ടും അവരെ നിയമിച്ചിട്ടില്ലെന്ന പരാതിയുണ്ടായിട്ടുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഞാൻ പറയാത്തതു പറഞ്ഞതായി സങ്കല്പിച്ചുകൊണ്ടുള്ള ഈ ചോദ്യത്തിനു മറുപടി പറയാൻ നിവർത്തിയില്ല.

ശ്രീ. എം. സദാശിവൻ: കഴിഞ്ഞമാസം ഡി. ഡി. സി. കൂടിയപ്പോൾ തിരുവനന്തപുരത്തു യാത്രാസൗകര്യം കുറവാണെന്നുള്ള ചർച്ച നടന്നപ്പോൾ, ഗവണ്മെന്റുഭാഗത്തുനിന്നു പറഞ്ഞ മറുപടി, ഇവിടെയുള്ള ബസ്സുകൾ വടക്കോട്ടു കൊണ്ടുപോകേണ്ടതായി വരുന്നു, അവിടെ പുതിയ റൂട്ടുകൾ നാഷണലൈസ്സുചെയ്യുന്നതിനാൽ ആവശ്യത്തിനു സർവ്വീസുനടത്താൻ ബസ്സുകൾ ഇല്ലാതെവരുന്നു എന്നായിരുന്നു. അതു ശരിയാണോ?

മി. സ്പീക്കർ: ഈ ചോദ്യത്തിൽ ഒതുങ്ങിനിൽക്കുന്ന ഉപചോദ്യങ്ങളല്ല ബഹുമാനപ്പെട്ട പല മെമ്പറന്മാരും ചോദിക്കുന്നതു്. എന്നാൽ, ഉപചോദ്യങ്ങൾക്കെല്ലാം ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുമന്ത്രി ഉത്തരം പറയാൻ തയ്യാറാകുന്നതുകൊണ്ടാണു് സ്വാഭാവികമായി അധികം ചോദ്യം ഉണ്ടാകുന്നതു്. എന്തായാലും ഈ ചോദ്യത്തിനു് ഉത്തരം പറയാം.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ദേശസാൽക്കരിച്ച റൂട്ടുകളാണു് ഇവിടെ അധികം ഉള്ളതു്. ദേശസാൽക്കരിക്കാത്ത റൂട്ടുകൾ കേരളത്തിൽ ധാരാളമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

വടക്കൻ പ്രദേശങ്ങളിലാണെങ്കിൽ ധാരാളം പുതിയ കാളേജുകളും, സ്കൂളുകളും, പുതിയ റോഡുകളും ഉണ്ടായിട്ടുണ്ട്. അവിടെ പുതിയ റൂട്ടുകളും ദേശസാൽക്കരിക്കണമെന്നുള്ള ആവശ്യം, പഞ്ചായത്തുകളും വഴിയായും, എം. എൽ. എ. മാർ മുഖേനയും മറ്റും ഉന്നയിക്കാറുണ്ട്. അങ്ങനെ അവിടത്തേക്കു് കൂടുതൽ ബസ്സുകളും സർവ്വീസിനു വേണ്ടി അയയ്ക്കേണ്ട ആവശ്യം നേരിട്ടിട്ടുണ്ടു്. എന്നാൽ ഇവിടെ നിലവിലുള്ള ബസ്സുകളും അവിടത്തേക്കു കൊടുത്തിട്ടില്ല.

ശ്രീ. എം. സദാശിവൻ: മുൻപുതിരുവനന്തപുരത്തു് ഓടിക്കൊണ്ടിരുന്ന ഡബിൾ ഡക്കർ ഇപ്പോൾ എറണാകുളത്തു് ഓടിക്കൊണ്ടിരിക്കുന്നതു് ആ നിലയിൽ കൊടുത്തിട്ടുള്ളതല്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അതിനു സമാധാനം ഇതിനുമുൻപുതന്നെ ഈ സഭയിൽ പറഞ്ഞിട്ടുണ്ടു്. ഇവിടത്തെ സർവ്വീസു മുടക്കിയിട്ടില്ല. ഡബിൾ ഡക്കർ ഇപ്പോഴും ഇവിടെ സർവ്വീസു നടത്തുന്നുണ്ടു്.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: ഇപ്പോൾ ആഴ്ചയിൽ ഒന്നും രണ്ടും ദിവസങ്ങൾമാത്രം ജോലിചെയ്യുന്നവർക്കു 240 ദിവസത്തെ സർവ്വീസുണ്ടായാൽമാത്രമേ റഗുലർ സർവ്വീസിലാകാൻ സാധിക്കുകയുള്ളൂ. ഈ നിലയിൽ പോയാൽ എത്രകൊല്ലംവേണം 240 ദിവസമാകാൻ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: 240 ദിവസം എന്നുപറഞ്ഞാൽ, 240 ദിവസം തന്നെ.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: അപേക്ഷകരെ ക്ഷണിക്കാതെ ഇത്തരം നിയമനങ്ങൾ നടത്താറുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അപേക്ഷകരെ ക്ഷണിക്കാതെ നിയമനം നടത്തുന്ന സമ്പ്രദായമില്ല.

ശ്രീ. ഇ. ജാൺജേക്കബ്ബ്: അപേക്ഷകരുടെമേൽ ചുമത്തിയിരിക്കുന്ന ഫീസു കൂടുതലാണെന്നു ശ്രീ. രാമുണ്ണി പറഞ്ഞു. ഇന്നു് ചുമത്തിയിരിക്കുന്ന ഫീസെത്രയാണു്?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: പത്തു രൂപ.

ശ്രീ. കെ. എം. മാണി: കോട്ടയം എറണാകുളം റൂട്ട് ദേശസാൽക്കരിച്ചതു നിമിത്തം ജോലി ചില്ലറായ സ്വകാര്യ ബസ്സിലെ ജോലിക്കാരിൽ കുറേപ്പേർക്കു ഷണമുള്ളവരെ ട്രാൻസ്പോർട്ട് കോർപ്പറേഷൻ സ്വീകരിക്കുമോ, അതിനു വേണ്ട നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അങ്ങനെ ചെയ്യാമെന്നു പറഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. കരുണാകരൻ: താൽക്കാലികനിയമനങ്ങൾ നടത്തുമ്പോൾ വിവരത്തിനു് ആഫീസുകളിലും വർക്ക്ഷോപ്പുകളിലും നോട്ടീസു പതിക്കാറുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ആഫീസുകളിൽ നോട്ടീസു പതിച്ചിട്ടാണു് നിയമനം നടത്തുന്നതു്. ഇന്നപ്പടി ഷെഡ്യൂൾ അനുസരിച്ചു് സർവ്വീസു നടത്തണമെങ്കിൽ 100 ഡ്രൈവർമാരെ നിയമിക്കേണ്ടതായിവരും.

ശ്രീ. കെ. കരുണാകരൻ: പരസ്യം ചെയ്യാതെ സ്വകാര്യമായിട്ടു നിയമനം നടത്താറുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ആഫീസിൽ നോട്ടീസു പരസ്യം ചെയ്തു, അതു കണ്ടുവരുന്നവരെ നിയമിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. വിൽസൺ: ട്രാൻസ്ഫോർട്ട് നിയമനങ്ങളെ സംബന്ധിച്ചിടത്തോളം പൊന്തിവന്നിട്ടുള്ള അസംഖ്യം ചോദ്യങ്ങളിൽനിന്നും വളരെ പ്രകടമായി ഈ കാര്യത്തിൽ ജനങ്ങൾക്കു അസംതൃപ്തിയുണ്ടായിട്ടുണ്ടെന്നു മനസ്സിലാക്കി, കഴിയുന്നതും ഈ കുഴപ്പവും അസംതൃപ്തിയും ഒഴിവാക്കാൻ ഒരു പേനയുടെ ചലനംകൊണ്ടു നിയമനാധികാരം പി. എസ്സ്. സി. കയ്യിൽകൊടുക്കാൻ നടപടിയെടുക്കുമോ?

ശ്രീ. ഇ: കെ. ഇമ്പിച്ചിബാവ : ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തെ നഖശിഖാന്തം ഞാൻ എതിർക്കുകയാണു്. ഇങ്ങനെ സഭയിൽ ചോദ്യങ്ങൾ അധികം വരുന്നതു് എന്തെങ്കിലും അസംതൃപ്തി കൊണ്ടാണെന്ന അഭിപ്രായം ശരിയല്ല. ജനതാ മദ്ധ്യത്തുള്ള അഭിപ്രായങ്ങൾ ഗവണ്മെന്റിനെ മനസ്സിലാക്കാനും, ആവശ്യമായ പരിഹാരം ഉണ്ടാക്കാനുമാണു് നിയമസഭയിൽ ചോദ്യങ്ങൾ ചോദിക്കുന്നതു്. ജനങ്ങളുടെ അസംതൃപ്തിയെ പ്രകടിപ്പിക്കാൻ സഭയിൽ ചോദ്യങ്ങൾ ചോദിക്കുന്നു്.

ശ്രീ. കെ. ടി. ജേക്കബ്ബു് : നിയമനം നടത്തുമ്പോൾ, ഡ്രൈവർമാരായും കൺഡക്ടർമാരായും സ്ത്രീകളെക്കൂടി എടുക്കാൻ നടപടി എടുക്കുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : എതു ജോലിക്കും സ്ത്രീകളെ എടുക്കാം. പക്ഷേ പുരുഷന്മാരെ സെലക്ടു ചെയ്യുന്ന രീതിയിലല്ലാതെ സ്ത്രീകളെ നിയമിച്ചുകൊള്ളണമെന്നു നിർബന്ധിക്കുന്നതു ശരിയായിരിക്കുകയില്ല.

ശ്രീ. പി. കുഞ്ഞിരാമൻകിടാവു് : അസിസ്റ്റന്റു സ്റ്റേഷൻ ആഫീസർ ഉദ്യോഗത്തിനു ജോലിയിലിരിക്കുന്നവരെ പ്രമോട്ടു ചെയ്യുകയല്ലേ പതിവു്?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : 50 ശതമാനം ഒഴിവു് പ്രമോഷൻ മൂലവും 50 ശതമാനത്തിൽ കൂടുതൽ വരികയാണെങ്കിൽ പുതിയ നിയമനംവഴിയും നിയമിക്കുകയാണു പതിവു്.

ശ്രീ. കെ. പുരുഷോത്തമൻപിള്ള : ദേശസാൽക്കരണംമൂലം ജോലി ഇല്ലാതാകുന്ന ജീവനക്കാക്കു് ഇനിയുള്ള നിയമനങ്ങളിൽ മുൻഗണന നൽകുന്നതിനു ദയവുണ്ടാകുമോ ?

ശ്രീ ഇ. കെ. ഇമ്പിച്ചിബാവ : അങ്ങനെയൊരു സംഗതി ഉണ്ടായിട്ടില്ല.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്) : ദേശസാൽക്കരണം ഉണ്ടാകുകയാണെങ്കിൽ തൃശ്ശൂർ, പാലക്കാടു, കണ്ണൂർ തുടങ്ങിയ ജില്ലകളിൽ സ്വകാര്യ ഉടമകളും നടത്തിക്കൊണ്ടിരിക്കുന്ന സർവീസുകളിൽ ധാരാളം ജോലിക്കാർ ഉണ്ടു്. അവരെക്കൂടി എടുക്കുന്നതിനു പ്രത്യേക സംരക്ഷണം കൊടുക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടു സമരം പ്രഖ്യാപിച്ചിട്ടുണ്ടു്. അതിനെപ്പറ്റി എന്താണു് പറയുവാനുള്ളതു്.

ശ്രീ. ഇ കെ. ഇമ്പിച്ചിബാവ : സർ, അവർ എനിക്കു നിവേദനങ്ങളും തന്നിട്ടുണ്ടു്. ഇതിനെ സംബന്ധിച്ചു അവരുമായി സംസാരിച്ചിട്ടുണ്ടു്. പല റൂട്ടുകളും ട്രാൻസ്പോർട്ടു് കാർപ്പറേഷൻ എടുക്കുന്നതു മുഖാന്തിരം ബുദ്ധിമുട്ടു വരാവുന്നതാണോ എന്ന കാര്യം ആലോചിച്ചു തീരുമാനിക്കേണ്ടതാണു്.

ശ്രീ. കെ. പുരുഷോത്തമൻപിള്ള : ദേശവൽക്കരിക്കപ്പെട്ട റൂട്ടുകളിൽ സ്വകാര്യ സർവീസിൽ ജോലി ചെയ്തുകൊണ്ടിരുന്ന ജീവനക്കാർക്കു് ജോലി നിഷേധിച്ചിട്ടുള്ളതുകൊണ്ടു അവർക്കു ഇനി ട്രാൻസ്പോർട്ടു് കോർപ്പറേഷനിൽ വരുന്ന നിയമനങ്ങളിൽ പരിഗണന കൊടുക്കുവാൻ നിർദ്ദേശിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ട്രാൻസ്പോർട്ട് കാർപ്പറേഷനിൽ എടുക്കുന്ന സമ്പ്രദായം ഞാൻ പറഞ്ഞുകഴിഞ്ഞു. ആ തോതനുസരിച്ച് എടുക്കുന്നതാണ്. മറ്റുള്ളവർക്ക് ഓപ്പണായിട്ട മത്സരിക്കാവുന്നതാണ്.

ശ്രീ. കെ. എ. ശിവരാമഭാരതി : സർവീസിൽ ബ്രേക്കുണ്ടാകുന്ന സന്ദർഭങ്ങളിൽ 240 ദിവസം സർവീസുണ്ടെങ്കിൽ സ്ഥിരമായി ജോലിചെയ്യുവാൻ അവകാശമുണ്ടെന്നു പറഞ്ഞു. അങ്ങനെ 240 ദിവസമെന്നതു തുടർച്ചയായിട്ടുള്ള ദിവസങ്ങളാണോ അതോ മറ്റു വിധത്തിലാണോ ഉദ്ദേശിച്ചിട്ടുള്ളത്?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഇവരെ ജോലിക്കായി എടുത്തു കഴിഞ്ഞാൽ പിന്നീടുള്ള 240 ദിവസം എണ്ണിത്തീരുന്ന ക്രമത്തിനാണ് ഈ അവകാശം നൽകുന്നത്.

ശ്രീ. ആർ. എസ്. ഉണ്ണി : ഇപ്പോഴത്തെ താൽക്കാലികമായി എടുത്തിട്ടുള്ള ആളുകൾക്കുപുറമേ അടുത്ത ഏതാനും മാസങ്ങളിലേയ്ക്ക് വരുന്ന ഉദ്യോഗസ്ഥന്മാരെക്കൂടി കണക്കാക്കി പുതിയ ആളുകളെ നിയമിക്കുവാൻ പോകുന്നുവെന്നു പറയുകയുണ്ടായി. ഇതു രണ്ടും കഴിഞ്ഞു മാത്രമാണോ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കണമോ അതോ കമ്മീഷൻ മോഡലിൽ മറ്റു ഏതെങ്കിലും സ്ഥാപനത്തിനു വിട്ടുകൊടുക്കണമോയെന്നുള്ള തീരുമാനമെടുക്കുക?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : അതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. മറ്റു ചില സ്ഥാപനങ്ങളിലേയും വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. അതുംകൂടി കിട്ടിക്കഴിഞ്ഞതിനുശേഷം മാത്രമേ മറുപടി പറയുവാൻ സാധിക്കുകയുള്ളൂ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, അടുത്ത ചോദ്യവുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു ചോദ്യമാണ്. എൻ. എം. ആർ. തൊഴിലാളികൾക്കു കൊടുക്കുന്ന കൂലി മാസശമ്പളമായി കൊടുക്കുന്ന കാര്യം തീരുമാനിക്കുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : എനിക്കറിയില്ല എന്താണ് ഇതിനു മറുപടി പറയേണ്ടതെന്ന്.

മി സ്പീക്കർ : ഇതിനിടയ്ക്ക് ഒരു കാര്യം പറയട്ടെ.....കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട കാർഷികവകുപ്പുമന്ത്രി ഒരു ചോദ്യത്തിനുത്തരം അടുത്ത ദിവസം പറയാമെന്നു പറഞ്ഞു മാറ്റിവച്ചിരുന്നു. ഇനി ഏതാനും മിനിട്ടുകൾമാത്രമേ ബാക്കിയുള്ളൂ. അതുകൊണ്ട് അതിനകം ആ ചോദ്യത്തിനുത്തരം പറയുവാൻ അദ്ദേഹം ബാദ്ധ്യസ്ഥനാണ്.

Shri C. B. Chandrasekhara Warrier : Sir, that question may be taken up another day. Because we want to put supplementaries, and there is only five minutes left.

Mr. Speaker : Yes.

ശ്രീ. എൻ. കെ. ശേഷൻ : ട്രാൻസ്പോർട്ട് കാർപ്പറേഷനിലേയ്ക്ക് നിയമിക്കപ്പെടുന്നതിനു ഒരു ലിസ്റ്റു തയാറാക്കുകയുണ്ടായി. അതിപ്പോൾ റദ്ദായിട്ടുള്ളതിന്റെ പേരിൽ ജോലി നിഷേധിക്കപ്പെട്ട ഏതാനും ചെറുപ്പക്കാരുടെ 'അൺ എംപ്ലോയിട്' കണ്ടക്ടേഴ്സ് അസോസിയേഷൻ തൃപീകരിച്ചിട്ടുണ്ട്. അവരെക്കൂടി ഈ സർവ്വീസിൽ ഉൾപ്പെടുത്തണമെന്നു കാണിച്ചു കാർപ്പറേഷനു നിവേദനം തന്നിട്ടുണ്ടോ? എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഇപ്പോൾ സെലക്ഷൻ ചെയ്തിട്ടുള്ള ലിസ്റ്റിലുള്ള ഒറ്റയാൾക്കുപോലും ജോലി നഷ്ടപ്പെട്ടിട്ടുള്ളതായി ഒറ്റയെണ്ണത്തിനു കേസ്സുപോലും

LIBRARY ARCHIVES Kerala Legislative Assembly

എന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. ലിസ്റ്റ് പബ്ലിഷ് ചെയ്തിട്ടുള്ളതിൽ എല്ലാവർക്കും ജോലി കിട്ടുകയുണ്ടായോ എന്നാണ് ഞാൻ അറിയുന്നത്.

ശ്രീ. കെ. ഐ. രാജൻ : ഈ ട്രാൻസ്പോർട്ടിന്റെ കീഴിൽ എത്ര വർക്കഷോപ്പ് കൾ ഉണ്ടായിട്ടുണ്ട്. ഇന്ന് ജില്ലയിൽ ഒരു വർക്കഷോപ്പ് ഉണ്ടാക്കുവാൻ ശ്രമിക്കുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഇത് മറ്റൊരു ചോദ്യമാണ്.

ശ്രീ. കെ. ഐ. രാജൻ : സർ, ഇത് ഈ ചോദ്യവുമായി ബന്ധപ്പെട്ടതാണ്. മന്ത്രിക്ക് മറുപടി പറയാവുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അങ്ങനെയാണെങ്കിൽ ട്രാൻസ്പോർട്ടുമായി ബന്ധപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും മന്ത്രി മറുപടി പറയേണ്ടിവരും. അത് ശരിയല്ല.

മി. സ്പീക്കർ : ട്രാൻസ്പോർട്ട് സർവ്വീസിനെ ബാധിക്കുന്ന എല്ലാ കാര്യങ്ങൾക്കും ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയുവാൻ കഴിയും. ചോദ്യവുമായി ബന്ധമില്ലാത്തതിനും ചിലപ്പോൾ മന്ത്രി മറുപടി പറയും. ഇതിനെല്ലാം നോട്ടീസ് കൊടുക്കണമെന്ന് എനിക്ക് അങ്ങോട്ട് നിർദ്ദേശിക്കുവാൻ സാധിക്കുകയില്ല. പക്ഷെ ഇതെല്ലാം വേറെ ചോദ്യങ്ങളാണ്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : സർ, ഞാൻ മറുപടി പറയാം. ട്രാൻസ്പോർട്ടിന്റെ ചുമതല ഞാൻ വഹിച്ചതിനുശേഷം പുതുതായിട്ടുള്ള വർക്കഷോപ്പുകൾ ഒന്നും ഉണ്ടായിട്ടില്ല. ഒന്നു പറയുവാൻ ഞാനുദ്ദേശിക്കുന്നത് വളരെ പിന്നോക്കപ്രദേശമായ ഇടപ്പാളിനടുത്ത് ഒരു വർക്കഷോപ്പ് തുടങ്ങുവാൻ ഉദ്ദേശിച്ചിട്ടുണ്ട്; ഇനി വരാൻ പോകുന്ന കാര്യങ്ങൾ ആലോചിക്കുമ്പോൾ കണ്ണൂരും അതുപോലെ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളും പരിഗണിക്കാമെന്ന് ആലോചിച്ചിട്ടുണ്ട്, എന്നുള്ളതാണ്.

ശ്രീ. കെ. ഐ. രാജൻ : സർ, കുമിളി വളരെ പിന്നാക്കം നിൽക്കുന്ന സ്ഥലമാണ്. പല പ്രധാനപ്പെട്ട സർവ്വീസുകളും നടത്തുന്നുണ്ട്. അതുകൊണ്ട് കുമിളി എന്ന സ്ഥലത്തു ഒരു വർക്കഷോപ്പ് തുടങ്ങുവാൻ നിർദ്ദേശം നൽകുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : വെറും പിന്നാക്കനിലമാത്രം പരിഗണിച്ച് ഈ കാര്യങ്ങൾ നടത്താൻ പറ്റുകയില്ല. ട്രാൻസ്പോർട്ട് തുടങ്ങാൻ ആവശ്യമായിട്ടുള്ള കാര്യങ്ങൾ ചെയ്യാൻ എളുപ്പമായിട്ടുള്ള സ്ഥലങ്ങൾ നോക്കി അതിന്റെ പിന്നാക്കാവസ്ഥയും നോക്കിയല്ലാതെ പിന്നാക്കമാണെന്നുള്ളതു മാത്രം നോക്കിയിട്ട് ഇതെല്ലാം നടത്താൻ പറ്റുകയില്ല.

ശ്രീ. പി. എൻ. ചന്ദ്രസേനൻ : സർ, സി. പി.യുടെ കാലത്തു ആരംഭിച്ച ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽ എസ്. എസ്. എൽ. സി. പാസ്സായിട്ടുള്ളവരെ കണ്ടക്ടറന്മാരായി എടുക്കുമായിരുന്നു. ഈ ഗവണ്മെന്റു അധികാരത്തിൽ വന്നതിനു ശേഷം ആ അവസ്ഥയ്ക്കു മാറ്റം വരുത്തുവാനുള്ള കാരണമെന്താണ്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : എന്റെ അഭിപ്രായം പറയുകയാണെങ്കിൽ എസ്. എസ്. എൽ. സി. പാസ്സായിട്ടുള്ളവരെ മാത്രമല്ല, ഫെയിലായിട്ടുള്ളവരെക്കൂടെ എടുക്കണമെന്നാണ്. എട്ടാംതരംവരെയുള്ളവരെയും എടുത്താൽ കൊള്ളാം. പക്ഷെ അതു നടപ്പിലാക്കിയിട്ടില്ല.

ശ്രീ. എം. എം. തോമസ് : ട്രാൻസ്പോർട്ട് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ എറണാകുളത്തു കൂടിയ ഒരു കൌൺസിലിൽ തൊടുപുഴ, മൂവാറ്റുപുഴ, എറണാകുളം, കൊടുങ്ങല്ലൂർ ഇങ്ങനെ പല സ്ഥലത്തുമുള്ള സർവ്വീസുള്ള പല റൂട്ടുകളും ദേശസാൽക്കരിക്കണമെന്നു പറഞ്ഞിട്ടുണ്ട്. രണ്ടുകൊല്ലം കഴിഞ്ഞിട്ടും അതു നടത്താൻ കഴിഞ്ഞിട്ടില്ല. ആ റൂട്ടുകൾ ദേശസാൽക്കരിക്കുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ദേശസാൽക്കരിക്കേണ്ട റൂട്ടുകളെ സംബന്ധിച്ച പഠിച്ചുകൊണ്ടിരിക്കുകയാണു്. ആ കൗൺസിലിൽവച്ചു് അങ്ങനെ തീരുമാനിച്ചിരിക്കാം. അതെല്ലാം പഠിച്ചുകൊണ്ടിരിക്കുകയാണു്. സൗകര്യം അനുസരിച്ചു ഓരോന്നായി നടപ്പിൽ വരും.

ശ്രീ. കെ. പുരുഷോത്തമൻ പിള്ള : കൂടുതൽ ബസ്സുകളും ഓടിക്കൊണ്ടിരിക്കുന്നിടത്തു അവ നിറുത്തലാക്കിയിട്ടു ഗവണ്മെന്റു ഏറ്റെടുക്കുമ്പോൾ അവിടെ ഓടിക്കുന്നതിനു യോഗ്യതയുള്ളവർക്കു നിയമനം നൽകുവാൻ പരിഗണന നൽകുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ദേശസാൽക്കരിച്ച റൂട്ടുകളിൽ ജോലിക്കാർക്കു ആവശ്യമായിട്ടുള്ള ആളുകൾക്കുവേണ്ടി അപേക്ഷകൾ ക്ഷണിക്കുമ്പോൾ അവർക്കും അപേക്ഷിക്കാവുന്നതാണു്. അവർക്കു വേണ്ട യോഗ്യതയുള്ളപക്ഷം അവർക്കു ലഭിക്കുന്നതാണു്.

ശ്രീ. ഈ. പി. കൃഷ്ണൻനമ്പ്യാർ : കേരള നിയമസഭയുടെ ചരിത്രത്തിൽ ഇതുയും സമയം അനുവദിച്ചിട്ടുള്ള ചോദ്യം വേറെയേതെങ്കിലും ഉണ്ടായിട്ടുണ്ടോ ?

മി. സ്പീക്കർ : അവസാനംവരെ ഈ ചോദ്യം ചോദിച്ചാൽ മതിയെന്നു മെമ്പറന്മാർ വിചാരിക്കുകയും അതിനെല്ലാം ബഹുമാനപ്പെട്ട മന്ത്രി സൗമ്യനായി മറുപടി പറയുകയും ചെയ്താൽ ഇതുപോലെ സംഭവിക്കും. അതിനു എന്നോടു ചോദിച്ചാൽ പറയുകയില്ല. ഇതിനുമുമ്പു ഇതിനെക്കാളും കൂടുതൽ സമയം എടുത്തിട്ടുള്ള ഏതെങ്കിലും ചോദ്യം ചോദിച്ചിട്ടുണ്ടോ എന്നുള്ളതു അന്വേഷിച്ചു പറയാം.

ശ്രീ. ടി. എം. മീതിയൻ : യോഗ്യതയുള്ളവർക്കു കൊടുക്കുമെന്നു പറഞ്ഞതോടൊപ്പം മൂവാറ്റുപുഴയിൽ ഒരു സബ്സ്റ്റേഷനും വർക്ഷോപ്പും അനുവദിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നിവേദക സംഘത്തിനു മന്ത്രി എന്തെങ്കിലും ഉറപ്പു നൽകിയിട്ടുണ്ടോ ? ഇതുവരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടു്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഇതെല്ലാം ആലോചിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളാണു്. അതു കഴിഞ്ഞശേഷം വിവരം പറയാം.

(b) Written Answers

ടി. സി. സി.യെപ്പറ്റിയുള്ള റിപ്പോർട്ടു്

* 88. [262] ശ്രീ. എ. എസ്. എൻ. നമ്പീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടി. സി. സി.യെക്കുറിച്ചു് കഴിഞ്ഞ നിയമസഭയിൽ ഉത്തരവാദിത്വപ്പെട്ടുത്തിയ റിപ്പോർട്ടിന്റെ വിവരമെന്തു് ;

(ബി) അന്വേഷണകമ്മീഷനെക്കുറിച്ചു് ആക്ഷേപം പൊന്തിവന്നിട്ടുള്ളതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) റിപ്പോർട്ടിന്റെ കോപ്പി അംഗങ്ങൾക്കു വിതരണം ചെയ്തിട്ടുണ്ടു്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly